(ബി) ഇല്ലെങ്കിൽ എന്നേയ്ക്ക് പൂർത്തിയാകും ?

ഉത്തരം

(എ) ഇല്ല

(ബി) പണിക്കുള്ള കരാർ നൽകിക്കഴിഞ്ഞു. പ്രത്യേക മുൻഗണന യനുസരിച്ച് ചെയ്തു തീർക്കാൻ ഉത്തരവായിട്ടുണ്ട്. കഴിവതും വേഗം ചെയ്തു തീർക്കുന്നതാണ്.

മലപ്പുറം തെയ്യപ്പാറ ലൈനിന്റെ പണി

165. [447] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം-തെയ്യപ്പാറ (കോടഞ്ചേരി പഞ്ചായത്ത്) ലൈനിന്റെ പണി എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിന്റെ നിർമ്മാണം എന്നേയ്ക്ക് പൂർത്തിയാകുമെന്ന് പറയാമോ ?

ഉത്തരം

(എ) 1985 ഏപ്രിലിൽ.

(ബി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് ചെയ്തു തീർക്കു ന്നതാണ്.

പുല്ലൂരാംപാറ—മുറമ്പാത്തി—പൂളവള്ളി ലൈനിന്റെ നിർമ്മാണം

166. [418] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുല്ലൂരാംപാറ-മുറമ്പാത്തി-പൂളവള്ളി (കോടഞ്ചേരി പഞ്ചായത്ത) ലൈനിന്റെ നിർമ്മാണം ഏതുവരെയായി ;

(ബി) ഈ ജോലി എന്നാരംഭിച്ചതാണ് ?

ഉത്തരം

(എ & ബി) പണി തുടങ്ങിയിട്ടില്ല. പ്രത്യേക മുൻഗണന നൽകി ഈ ജോലി ചെയ്തു തീർക്കാൻ ഉത്തരവിട്ടിട്ടുണ്ട്. കഴിയുന്നതും വേഗം ചെയ്തു തീർക്കുന്നതാണ്.

വട്ടച്ചിറ ആദിവാസി കോളനിയിലേക്കുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണം

167. [449] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വട്ടച്ചിറ ആദിവാസി കോളനി (കോടഞ്ചേരി പഞ്ചായത്ത്) യിലേ ക്കുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചോ ;

(ബി) ഇതു സംബന്ധിച്ചുള്ള നടപടികൾ എത്രത്തോളമായി ?

ഉത്തരം

(എ) ഇല്ല.

(ബി) ടെൻഡർ വിളിച്ചെങ്കിലും ആരും ടെൻഡർ നല്കിയിട്ടില്ല. നീ ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly